# കേരള കാർഷിക സർവ്വകലാശാല


കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.


## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ


(ടെലിഫോൺ: 04872371931)


## തൃശ്ശൂർ


E mail: kauagmet@yahoo.co.in


**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 09/16, ചൊവ്വാഴ്ച** **തീയ്യതി 23.02.2016**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 35.2 മുതൽ 38.0 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 23.4 മുതൽ 26.6 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 60 മുതൽ 90 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 27 മുതൽ 50 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 1.7 മുതൽ 9.8 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനംപ്രതി 8.3 മുതൽ 9.9 മണിക്കൂറും ബാഷ്പീകരണം ദിനം പ്രതി 4.0 മുതൽ 8.2 മില്ലി.മീറ്റർ വരെയും ആയിരുന്നു.

### അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 24.02.2016 | 25.02.2016 | 26.02.2016 | 27.02.2016 | 28.02.2016 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 2 | 1 |
| ഉയർന്ന താപനില (°C) | 38 | 38 | 38 | 38 | 38 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| മേഘവ്യാപ്തി (ഒക്ട) | 4 | 3 | 2 | 2 | 2 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 40 | 40 | 40 | 40 | 40 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | 006 | 006 | 006 | 006 | 006 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 230 | 230 | 70 | 70 | 70 |

### കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | വളർച്ചാഘട്ടം/ രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | ഓലചുരുട്ടിപ്പുഴു | ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രാമ കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് ഓലയുടെ അടിഭാഗത്തായി കുത്തി വെക്കുക. അല്ലെങ്കിൽ 2 മി.ല്ലി ക്വിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| തെങ്ങ് | ഓലപ്പുഴു | അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ തെങ്ങുകളിൽ ഓലപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. കേടുവന്ന ഓലകൾ വെട്ടി തീയിട്ടു നശിപ്പിക്കുക. പുഴുവിനെയും മുട്ടകളെയും പരാദീകരിക്കുന്ന എതിർ പ്രാണികളെ തോട്ടത്തിൽ വിടുക. ക്വിനാൽഫോസ് 0.05% ഓലയുടെ അടിവശത്ത് വീഴുന്ന വിധത്തിൽ തളിച്ചു കൊടുക്കുക. |
| വാഴ | കുറുനാമ്പുരോഗം | കുറുനാമ്പുരോഗമുള്ള വാഴ വെട്ടി നശിപ്പിക്കുക. വാഴപ്പേനാണ് ഈ രോഗം പരത്തുന്നത്. ഇവയെ നിയന്ത്രിക്കുന്നതിനായി സോപ്പ് വെള്ളം വാഴയുടെ മണ്ടയിലും കവിളുകളിലും ഒഴിക്കുകയോ വെർട്ടിസീലിയം 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുകയോ ചെയ്യാം. |
| പച്ചക്കറികൾ | ജാസിഡ്, വെള്ളീച്ച | അന്തരീക്ഷ ഊഷ്മാവ് കൂടുതലായിരുന്നതിനാൽ വെള്ളീച്ച, ജാസിഡ് മുതലായ കീടങ്ങളുടെ ആക്രമണം കൂടാൻ സാധ്യതയുണ്ട്. ഇവ മൂലമുള്ള കുരിടിപ്പു രോഗം നിയന്ത്രിക്കാനായി മഞ്ഞ ബോർഡിൽ ആവണക്കെണ്ണ തേച്ച് പച്ചക്കറികൾക്കിടയിൽ തൂക്കിയിടുക. |